"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ പ്രവർത്തന ഏകോപനത്തിനും പദ്ധതിയുടെ പുരോഗതി മോണിറ്റർ ചെയ്യുന്നതിനും മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ ജി) വകുപ്പ്**

സ.ഉ.(സാധാ) നം.1539/2023/LSGD തീയതി,തിരുവനന്തപുരം, 27-07-2023

---

പരാമർശം:- 1) 2/2/2023 തീയതിയിൽ ചേർന്ന വകുപ്പ മന്ത്രിതല യോഗ തീരുമാനം .
2) 29/03/2023 തീയതിയിൽ ചേർന്ന വകുപ്പ മന്ത്രിതല യോഗ നടപടിക്കുറിപ്പ് .
3) പ്രിൻസിപ്പൽ ഡയറക്ടറുടെ 27.06.2023ലെ കത്ത്.

**ഉത്തരവ്**

കേരളത്തെ സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി പരാമർശം (1) പ്രകാരം ചേർന്ന യോഗത്തിൽ കേരളത്തിൽ വസിക്കുന്ന എല്ലാ വിഭാഗം ജനങ്ങൾക്കും വിവര സാങ്കേതിക വിദ്യ വിനിയോഗത്തിന്റെ സാധ്യതകളും പ്രാഥമികമായ അറിവും ലഭ്യമാക്കുന്നതിന് സംസ്ഥാനം നടത്തിയിട്ടുള്ള സമ്പൂർണ്ണസാക്ഷരതാ യജ്ഞത്തിന് സമാനമായിട്ടുള്ള മാതൃകയിൽ ഒരു ക്യാമ്പയിൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിക്കാനും കുടുംബശ്രീ മിഷനെ ക്യാമ്പയിന്റെ നോഡൽ ഏജൻസി ആക്കാനും, സാക്ഷരതാ മിഷന്റെ ദേശീയ മാനദണ്ഡങ്ങൾക്കൊപ്പം കേരളത്തിന്റേതായ ഒരു ഇനം കൂടി ഉൾപ്പെടുത്തി വിശദമായ പദ്ധതി റിപ്പോർട്ട് പ്രിൻസിപ്പൽ ഡയറക്ടർ അടിയന്തരമായി സമർപ്പിക്കാനും പ്രിൻസിപ്പൽ ഡയറക്ടറുടെ നേതൃത്വത്തിൽ ഐ.കെ.എം, കില, ഐ.ടി.മിഷൻ, കുടുംബശ്രീ തുടങ്ങിയ ഏജൻസി/സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ഒരു വർക്ക്ഷോപ്പ് സംഘടിപ്പിക്കാനും ചുമതലപ്പെടുത്തി തീരുമാനമെടുത്തിരുന്നു.

2) സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ കൈവരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച "ഡിജി-കേരള പദ്ധതി" നടത്തിപ്പിനുള്ള ശിപാർശ പരാമർശം (2) പ്രകാരം ചേർന്ന യോഗത്തിൽ ചർച്ച ചെയ്യുകയും ഡിജി കേരള പദ്ധതിക്കായി മോഡൽ പ്രോജക്റ്റ് തയ്യാറാക്കാനും , ട്രെയിനിംഗ് നടത്താനും കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തി സർവ്വേ നടത്താനും സന്നദ്ധ പ്രവർത്തകരെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എൻറോൾ ചെയ്യുവാനും ആഗസ്റ്റിൽ ഫീൽഡ് തല പ്രവർത്തനം ആരംഭിക്കാനും ഒക്ടോബർ മാസം പതിനഞ്ചോടെ പദ്ധതി പൂർത്തിയാക്കി നവംബർ മാസം ഒന്നാം തീയതി സംസ്ഥാനത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി പ്രഖ്യാപിക്കാൻ സജ്ജമാക്കാനും, ഇൻഫർമേഷൻ കേരള മിഷനും കിലയും പദ്ധതിക്കുള്ള പരിശീലനത്തിന് നേതൃത്വം നൽകുവാനും പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തുവാനും പദ്ധതി ചെലവ് വികസന ഫണ്ടിൽ നിന്നും നിർവ്വഹിക്കേണ്ടതാണെന്നും

തീരുമാനമെടുത്തിരുന്നു.

3) രാജ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച ആദ്യത്തെ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് ലക്ഷ്യമിടുന്ന "ഡിജി കേരളം" - എന്ന സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനം, ജില്ല, തദ്ദേശസ്ഥാപനം എന്നീ തലങ്ങളിൽ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ പുരോഗതി മോണിറ്റർ ചെയ്യുന്നതിനും മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കേണ്ടതാണെന്നും സമിതികളുടെ അദ്ധ്യക്ഷനായി സംസ്ഥാന തലത്തിൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും തദ്ദേശ സ്ഥാപന തലങ്ങളിൽ അതത് അദ്ധ്യക്ഷന്മാരും ആവുന്നത് ഉചിതമായിരിക്കുമെന്നും ടി സമിതികളുടെ കൺവീനർമാരായി സംസ്ഥാന തലത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ, ജില്ലാ തലത്തിൽ ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), തദ്ദേശ സ്ഥാപന തലത്തിൽ അതത് സെക്രട്ടറിമാരെയും ചുമതലപ്പെടുത്താമെന്നും പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുമുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനം, ജില്ല, തദ്ദേശസ്ഥാപനം എന്നീ തലങ്ങളിൽ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ പുരോഗതി മോണിറ്റർ ചെയ്യുന്നതിനും ചുവടെ ചേർക്കും പ്രകാരം മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച് ഉത്തരവാകുന്നു.

1. <u>സംസ്ഥാനതല മോണിറ്ററിംഗ് സമിതി</u>

അദ്ധ്യക്ഷൻ - ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

കൺവീനർ - പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

2. <u>ജില്ലാ തല മോണിറ്ററിംഗ് സമിതി</u>

അദ്ധ്യക്ഷൻ - ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് & ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ

കൺവീനർ - ജോയിന്റ് ഡയറക്ടർ ,തദ്ദേശസ്വയംഭരണ വകുപ്പ്

3. <u>തദ്ദേശസ്ഥാപനതല മോണിറ്ററിംഗ് സമിതി</u>

അദ്ധ്യക്ഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ

കൺവീനർ - തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ , തിരുവനന്തപുരം
ജില്ലാ പഞ്ചായത്ത്/ ഗ്രാമ പഞ്ചായത്ത് അദ്ധ്യക്ഷന്മാർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ജോയിന്റ് ഡയറക്ടർമാർ /സെക്രട്ടറിമാർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (E&RSA/G&SSA) കേരള, തിരുവനന്തപുരം
വിവരസാങ്കേതിക വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-EG1/19/2023/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Bindu S
Date: 27-07-2023 14:32:26
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.തദ്ദേശ സ്വയം ഭരണ,എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി /പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ യ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി. എ യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്